**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 584**
**06.02..2013- ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർ**

ചോദ്യം
ശ്രീ. സി. കൃഷ്ണൻ

ഉത്തരം
ശ്രീ. കെ. എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ എടുത്ത നിലപാട് പുന:പരിശോധിക്കാൻ തയ്യാറാകുമോ? | രണ്ട് സംസ്ഥാനങ്ങൾ ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞ സാഹചര്യത്തിലും പെൻഷനും അനുബന്ധ ആവശ്യങ്ങൾക്കുമായുള്ള ചെലവുകൾ 2001-02 വർഷത്തെ അപേക്ഷിച്ച് 2012-13 വർഷത്തിൽ നാലര ഇരട്ടിയിലധികം വർദ്ധിച്ചതിനാലും ഈ നിലയിൽ മുന്നോട്ട് പോയാൽ സംസ്ഥാന സർക്കാരിന് പെൻഷൻ ബാധ്യത നിറവേറ്റാൻകഴിയാതെ വരാൻ സാധ്യതയുള്ള സാഹചര്യത്തിലുമാണ് ദേശീയ പെൻഷൻപദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. ദേശീയ മുഖ്യധാരയിൽ ചേർന്നു നീങ്ങുവാനും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തകർന്നു പോകാതെ പരിരക്ഷിക്കുവാനും ഈ പദ്ധതി സഹായകരമാകും. ആയതിനാൽപങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ എടുത്ത നിലപാട് പുന:പരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ.